ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) സംസ്ഥാനത്തെ വിവിധ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഒരു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) ഇതേപ്പറ്റി ആലോചിക്കുന്നതാണ്.

വേദനയ്ക്ക് ഫലപ്രദമായ ചികിത്സ

*7 [937] ശ്രീ. എ. പി. അനിൽകുമാർ:
,, ടി. യു. രാധാകൃഷ്ണൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, വർക്കല കഹാർ:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേദനയ്ക്ക് ഫലപ്രദമായ ചികിത്സ നൽകുന്നതിന് ഏതെല്ലാം ഗവൺമെന്റ് ആശുപത്രികളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) ഈ രംഗത്തെ വിദഗ്ദ്ധ ചികിത്സയ്ക്കുള്ള യോഗ്യതയും പരിശീലനവും സിദ്ധിച്ചിട്ടുള്ള എത്ര ഡോക്ടർമാർ സംസ്ഥാന സർവ്വീസിലുണ്ട്;

(സി) വേദനയ്ക്ക് ചികിത്സ നൽകുന്ന യൂണിറ്റുകൾ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഏർപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഇതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സർക്കാർ ആശുപത്രികൾ താഴെ പറയുന്നവയാണ്:

1. ജനറൽ ആശുപത്രി, തിരുവനന്തപുരം
2. ജില്ലാ ആശുപത്രി, കൊല്ലം
3. ഗവൺമെന്റ് ആശുപത്രി, നീണ്ടകര
4. ജില്ലാ ആശുപത്രി, കോഴഞ്ചേരി
5. ജനറൽ ആശുപത്രി, എറണാകുളം
6. ജില്ലാ ആശുപത്രി, തൃശ്ശൂർ
7. ജില്ലാ ആശുപത്രി, പാലക്കാട്
8. ജില്ലാ ആശുപത്രി, മാനന്തവാടി.

ഇവ കൂടാതെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഇതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പ് സർവ്വീസിൽ 21 ഡോക്ടർമാരും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 108 ഡോക്ടർമാരുമുണ്ട്.

(സി) എല്ലാ മെഡിക്കൽ കോളേജാശുപത്രികളിലും പെയിൻ ക്ലിനിക്കുകൾ നിലവിലുണ്ട്. വേദനയ്ക്ക് ചികിത്സ നൽകുന്ന യൂണിറ്റുകളില്ലാത്ത ജില്ലാ ആശുപത്രികളിൽ ആയത് ആരംഭിക്കുവാൻ ഘട്ടം ഘട്ടമായി നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഗ്രാമീണ വ്യവസായ മേഖലയിലെ പദ്ധതികൾ

*8 [938] ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ:
ഡോ. തോമസ് ഐസക്:
ശ്രീ. സാജു പോൾ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ഗ്രാമീണ വ്യവസായ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഖാദി വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും പദ്ധതികൾ എന്തെങ്കിലും തയ്യാറാക്കി കേന്ദ്ര ഖാദി കമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) തൊഴിലവസരം സൃഷ്ടിക്കുന്നതിനായി മാർജിൻമണി പദ്ധതി പ്രകാരം ഉള്ള ഏതെല്ലാം പ്രോജക്ടുകളാണ് സമർപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിപ്രകാരം 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ മൊത്തം എന്തു തുക മാർജിൻമണിയായും മാർജിൻ ഗ്രാന്റുമായി എത്ര സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെന്നു പറയാമോ;

(ഇ) ഖാദി ബോർഡ് നൽകിയിട്ടുള്ള വായ്പ പത്തു ലക്ഷത്തിനുമേൽ കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) ഖാദി ബോർഡ് ഗ്രാമീണ വ്യവസായ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഖാദി കമ്മീഷന്റെ മാർജിൻമണി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ ബോർഡ് നേരിട്ട് ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവരുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly